**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** **11-06-2024 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും 2024 മെയ് 31ന് എത്ര ജീവനക്കാരാണ് വിരമിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ സർവീസിൽ നിന്നും 2024 മെയ് 31-ന് 11,215 പേർ വിരമിച്ചു. ടി ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് ഏകദേശം നാലായിരം കോടി രൂപയോളം ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവരുടെ വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കാൻ ഉദ്ദേശിക്കുന്നു എന്ന ആരോപണം വസ്തുതാപരമാണോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാകുമോ? | (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കാൻ ഉദ്ദേശിക്കുന്നു എന്ന ആരോപണം വസ്തുതാപരമല്ല. |

സെക്ഷൻ ഓഫീസർ